GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/09/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി കർഷക സുരക്ഷ വന്യമൃഗ സംഘർഷ ലഘൂകരണ കോൺക്ലേവ് ഈ മാസം 29 ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വെച്ച് സംഘടിപ്പിക്കുന്നു. കോഴിക്കോട് വയനാട്, മലപ്പുറം, കണ്ണൂർ എന്നീ 4 ജില്ലകളിൽ നിന്നും 500 കർഷകരെ പങ്കെടുപ്പിച്ച് കൊണ്ട് രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.
2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ൽ ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ ഒക്ടോബർ 05 മുതൽ 09 വരെ അഞ്ചു

ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; റബ്ബർ കോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനമാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9497487209, 0481-2353127 എന്ന ഫോൺ നമ്പരിലോ 0481-2353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

3. തൃശ്ശൂർ വെള്ളാനിക്കര കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള ഫലവർഗവിള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"പഴങ്ങളുടെ മൂല്യവർദ്ധനവ്"** എന്ന വിഷയത്തിൽ **സെപ്റ്റംബർ 29-ന്** ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പഴങ്ങളിൽനിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനവും പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. **ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ്** പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിന്റെയും യൂണിയൻ ബാങ്കിന്റെയും സംയുക്ത സംരംഭമായ ഇടുക്കി യൂണിയൻ സ്വയംതൊഴിൽ പരിശീലന കേന്ദ്രം സൗജന്യ കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. ഇരട്ടയാർ റോഡിലുള്ള ബി.എസ്.എൻ.എൽ ടെലഫോൺ എക്സ്ചേഞ്ച് കെട്ടിടത്തിലെ ആർ.എസ്.ഇ.ടി.ഐ ക്യാമ്പിലാണ് പരിശീലനം. 18 നും 49 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 7306890145 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കൊച്ചി വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ കേരശങ്കര, കേരഗംഗ എന്നീ സംങ്കരയിനം തെങ്ങിൻ തൈകളും മോഹിത് നഗർ അടക്കാത്തൈകൾ, പച്ചക്കറിവിത്തുകൾ, തൈകൾ, സ്യൂഡോമോണസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ, വെർട്ടിസിലീയം, വാം, സൂക്ഷ്മമൂലക മിശ്രിതങ്ങളായ സമ്പൂർണ, അയർ, കമ്പോസ്റ്റിംഗ് ബാക്ടീരിയ എന്നിവ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8075220868 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. പാമ്പാടി ഈസ്റ്റ് ആർ.പി.എസി ന്റെ ആഭിമുഖ്യത്തിൽ റബർബോർഡ് ഒക്ടോബർ 5 മുതൽ 15 വരെ ചെന്നംപള്ളിയിൽ സൗജ്യന്യ റബർ ടാപ്പിങ് പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ സെപ്റ്റംബർ 30

ന് മുൻമ്പായി 9495928077 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കാർഷിക യന്ത്രങ്ങൾ 50 ശതാമാനം വരെ സബ്സിഡിയിൽ ലഭിക്കുന്ന നഗരസഭയുടെ സ്മാം അപേക്ഷ ക്ഷണിച്ചു. സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 15 വരെ അപേക്ഷ സ്വീകരിക്കും. പദ്ധതിയിലൂടെ കാർഷിക യന്ത്രങ്ങൾ, വിളവെടുപ്പ യന്ത്രങ്ങൾ, വിള സംസ്കരണ ഉപകരണങ്ങൾ, മൂല്യവർധിത ഉൽപ്പന്ന നിർമാണ യന്തങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കും. വ്യക്തിഗത കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയാണ് സബ്സിഡി അനുവധിക്കുന്നത്. അനുവദിച്ച യന്ത്രങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ അപേക്ഷകൾ ലഭിച്ചാൽ യോഗ്യരായ എല്ലാ അപേക്ഷകരേയും ഉൾപ്പെടുത്തി ഓൺലൈൻ നറുക്കെടുപ്പിലൂടെയായിരിക്കും തെരഞ്ഞെടുപ്പ്. കൂടുതൽ വിവരങ്ങൾക്ക് 8421672893, 9605632084 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.